## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

എറണാകുളം മഹാരാജാസ് കോളേജ് ( സ്വയംഭരണം ) 2015-16 അദ്ധ്യയന വർഷത്തിൽ സംസ്കൃതം ബിരുദാനന്തര ബിരുദ കോഴ്സിലേക്ക് പ്രവേശനം നേടിയ ശ്രീ. തുളസിദാസ് സി.വിയുടെ പ്രവേശന യോഗ്യത – എൻ .എസ്.എസ് , എൻ.സി.സി , ആർട്സ്, സ്പോർട്സ് എന്നീ വിഭാഗങ്ങളിൽ അനുവദിക്കുന്ന ഗ്രേസ് മാർക്ക് വിതരണം നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ VIII സെക്ഷൻ

നം . 4323/ AcAVIII/01/2017

തിയതി, പി.ഡി ഹിൽസ് , 14/07/2017

പരാമർശം : (1) 16/04/2016 തിയതിയിലെ 2180/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(2) 16/04/2016 തിയതിയിലെ 2206/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(3) 16/04/2016 തിയതിയിലെ 2205/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(4) 26/04/2017 ലെ EI XXXVI/111/18/2016 നമ്പർ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ്.
(5) 2017 ജൂൺ 9 ആം തിയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - പരീക്ഷ - നടപടിക്രമങ്ങളുടെ ചുരുക്കം ( ഇനം. നം 171723 )

### <u>ഉത്തരവ്</u>

2015-16 അദ്ധ്യയനവർഷം എറണാകുളം മഹാരാജാസ് കോളേജിൽ (സ്വയംഭരണം) സംസ്കൃതം ബിരുദാനന്തര ബിരുദ കോഴ്സിലേക്ക് പ്രവേശനം നേടിയ ശ്രീ. തുളസീദാസ് സി.വി യുടെ പ്രവേശന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയം പരാമർശം (4) പ്രകാരം സിൻഡിക്കേറ്റിന് മുമ്പാകെ സമർപ്പിക്കുകയുണ്ടായി. 2017 ജൂൺ 9 ആം തിയതി കൂടിയ പരീക്ഷയ്ക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ നടപടിക്രമങ്ങളിൽ ഐറ്റം നമ്പർ 171723 ആയി താഴെ പറയുന്ന ശുപാർശകൾ പരാമർശം (5) പ്രകാരം നൽകുകയുണ്ടായി.

“ഒരു വിദ്യാർഥി ഒരു സെമസ്റ്ററിൽ എല്ലാ വിഷയങ്ങൾക്കും തോൽക്കുകയാണെങ്കിലും എൻ.എസ്.എസ് ,എൻ.സി.സി, ആർട്സ് ,സ്പോർട്സ് എന്നീ വിഭാഗങ്ങളിൽ അനുവദിക്കുന്ന ഗ്രേസ് മാർക്ക് നൽകിക്കഴിയുമ്പോൾ ജയിക്കുന്ന പേപ്പറുകൾ ജയിച്ച പേപ്പർ (passed paper) ആയി പരിഗണിച്ച്, ആ വിഷയത്തിൽ അധികം വരുന്ന ഗ്രേസ് മാർക്ക് മറ്റു വിഷയങ്ങൾ ജയിക്കുവാൻ വേണ്ടി വീതിച്ച് നൽകണമെന്ന് ശുപാർശ ചെയ്യുന്നു . യൂണിവേഴ്സിറ്റി റെഗുലർ പരീക്ഷയ്ക്ക് പരാജയപ്പെടുകയും ആ പേപ്പർ സപ്ലിമെന്ററി എക്സാമിനേഷൻ ആയി എഴുതുകയും ചെയ്യുമ്പോൾ ഏത് പരീക്ഷയ്ക്ക് ആണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ മാർക്കിന്റെ കൂടെ ഗ്രേസ് മാർക്ക് ആഡ് ചെയ്യുന്നതിനും ഈ തീരുമാനങ്ങൾ 2016-17 March/April പരീക്ഷ മുതൽ ബാധകമാക്കാനും ശുപാർശ ചെയ്യുന്നു.”

മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരമുള്ള സിൻഡിക്കേറ്റിന്റെ അധികാരമുപയോഗിച്ച് ബഹു: വൈസ് ചാൻസിലർ പരീക്ഷയ്ക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി ശുപാർശകൾ 06/07/2017 തിയതിയിൽ അംഗീകരിച്ച് ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം 1, 2,3 ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്യുന്നു.

ഒപ്പ്
സുകുമാരൻ റ്റി ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക് )
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് ,

(1) വിസി /പിവിസി യുടെ പി.എസ്
(2) രജിസ്ട്രാറുടെ പി എ
(3) പരീക്ഷാ കണ്ട്രോളറുടെ പി എ
(4) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക് /പരീക്ഷ )
(5) ടാബുലേഷൻ സെക്ഷനുകൾ
(6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ ( അപ് ലോഡ് ചെയ്യുന്നതിനായി )
(7) പി.ആർ .ഒ /എൻക്വയറി
(8) ഡോ. ആർ പ്രഗാഷ് ( കൺവീനർ , സിൻഡിക്കേറ്റ് ഉപസമിതി - പരീക്ഷ )
(9) റെക്കോർഡ്സ് /എ സി സി / ഐ ക്യൂ എ സി
(10)സ്റ്റോക്ക് ഫയൽ /ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. EI36/111/2016